സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വേതന വ്യവസ്ഥയും തൊഴിലവകാശസംരക്ഷണവും

270(2739) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കും മറ്റു ജീവനക്കാർക്കും സംരക്ഷണം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ;

(ബി) അവരുടെ ഹാജർ, ലഭിക്കുന്ന ശമ്പളം എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാറുണ്ടോ ;

(സി) സംഘടനാ പ്രവർത്തകരായ തൊഴിലാളികളെ കള്ളക്കേസുകളിൽ കുടുക്കി യാതൊരാനുകൂല്യവും നൽകാതെ പിരിച്ചുവിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് കൈക്കൊള്ളുന്നത് എന്ന് പറയാമോ ;

(ഡി) ഇത്തരം എത്ര കേസുകൾ ഈ സർക്കാരിന്റെ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ജോലിയിൽ നിന്ന് പിരിഞ്ഞുപോകുന്ന തൊഴിലാളി ജോലി ചെയ്ത കാലയളവിൽ ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും കൈപ്പറ്റിയാണോ പോകുന്നതെന്നും അയാളുടെ എല്ലാ അവകാശങ്ങളും സംരക്ഷിക്കപ്പെട്ടോ എന്നും അന്വേഷിക്കാൻ തൊഴിൽ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(എഫ്) സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കാനെത്തുന്ന ഉദ്യോഗസ്ഥർ തൊഴിലുടമകളുടെ സൽക്കാരം കൈപ്പറ്റി അവർ പറയുന്നതു മാത്രം രേഖപ്പെടുത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പരാതി കിട്ടിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനൊപ്പം

LIBRARY ARCHIVES Kerala Legislative Assembly

തന്നെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വിശ്രമത്തിനും, വിശ്രമവേളകളിൽ ഇരിക്കാനുമുള്ള സൗകര്യംകൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും ക്രെഷ്, ടോയ്ലെറ്റ് സൗകര്യം എന്നിവ സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ചട്ടങ്ങളിൽ) ഭേദഗതി വരുത്തിക്കൊണ്ട് 16-9-2015-ലെ സ.ഉ.(അച്ചടി) നമ്പർ 134/2015/തൊഴിൽ പ്രകാരം വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേമെന്റ്) തൊഴിൽ വകുപ്പിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന് നിയമത്തിന്റെ പിന്തുണ ഉറപ്പാക്കുന്നതിന്റെ ഭാഗമായി 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം 8-7-2015-ലെ സ.ഉ.(അച്ചടി) നമ്പർ 84/2015/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/ അഡ്ജൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. കൂടാതെ നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനായി തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തിവരുന്നു. 2014-15 കാലയളവിൽ വിവിധ തൊഴിൽ നിയമ പ്രകാരമുള്ള പരിശോധന നടത്തിയതിൽ 3451 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും 2684 സ്ഥാപനങ്ങൾക്കെതിരെ കേസുകളിൽ ശിക്ഷാനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) ജോലിയിൽനിന്നും പിരിഞ്ഞുപോകുന്ന തൊഴിലാളി ടിയാൻ ജോലി ചെയ്ത കാലയളവിൽ ലഭിക്കേണ്ട ആനുകൂല്യങ്ങൾ സംബന്ധിച്ച് പരാതി നൽകുകയാണെങ്കിൽ 1947-ലെ തൊഴിൽ തർക്ക നിയമം, വകുപ്പ് 12(4),33 സി (1),(2) എന്നിവ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഇല്ല. പരാതികൾ ലഭ്യമാകുന്ന പക്ഷം അന്വേഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly